**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 128** **08-02-2023 - ൽ മറുപടിയ്ക്ക്**

**ക്ഷീരവികസന-മൃഗസംരക്ഷണ വകുപ്പിന്റെ പരിശോധനാ സംവിധാനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി എസ് സുപാൽ,<br>ശ്രീ വി ശശി,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. പി. ബാലചന്ദ്രൻ** | | **ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | ഇതര സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പാലിലും മാംസത്തിലും മനുഷ്യശരീരത്തിന് ഹാനികരമായ പല വിഷവസ്തുക്കളും അടങ്ങിയിരിക്കുന്നതായിട്ടുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ക്ഷീരവികസന വകുപ്പ് ആര്യങ്കാവ് ചെക്ക്പോസ്റ്റിൽ 11/01/2023 ന് നടത്തിയ പരിശോധനയിൽ 15,300 ലിറ്റർ പാലിൽ ഹൈഡ്രജൻ പെറോക്സൈഡിന്റെ അംശം കണ്ടെത്തിയിരുന്നു. മീനാക്ഷിപുരം ചെക്ക്പോസ്റ്റിൽ 02/09/2019, 11/02/2020, 13/02/2020 എന്നീ തീയതികളിൽ നടത്തിയ പരിശോധനയിൽ Maltodextrin എന്ന രാസപദാർത്ഥത്തിന്റെ സാന്നിദ്ധ്യം കണ്ടെത്തിയിരുന്നു.<br><br>മാംസത്തിൽ അടങ്ങിയിരിക്കുന്ന ആന്റിബയോട്ടിക്കിന്റെയും വിഷവസ്തുക്കളുടേയും സാന്നിദ്ധ്യം തിരിച്ചറിയുന്നതിനുള്ള പരിശോധനാ സൗകര്യങ്ങൾ മൃഗസംരക്ഷണ വകുപ്പിൽ നിലവിലുണ്ട്. |
| (ബി) | എങ്കിൽ ഭക്ഷ്യ സുരക്ഷയുടെ ഭാഗമായി ഇതര സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പാലിലും മാംസത്തിലും അടങ്ങിയിരിക്കുന്ന ആന്റിബയോട്ടിക്കിന്റെയും വിഷവസ്തുക്കളുടെയും സാന്നിദ്ധ്യം തിരിച്ചറിയുന്നതിനുള്ള പരിശോധനാ സൗകര്യങ്ങൾ ക്ഷീരവികസന-മൃഗസംരക്ഷണ വകുപ്പുകളിൽ നിലവിലുണ്ടോ; വിശദമാക്കാമോ; | (ബി) | ഇതര സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പാലിന്റെ പരിശോധനയ്ക്ക് വിപുലമായ പരിശോധനാ സംവിധാനങ്ങളാണ് ക്ഷീരവികസന വകുപ്പിനുള്ളത്. ജില്ലകളിൽ വിപണനം നടത്തുന്ന പാക്കറ്റ് പാലിന്റെ സാമ്പിൾ ശേഖരിച്ച് അതാത് ജില്ലകളിലെ ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ ജില്ലാതല ഗുണനിയന്ത്രണ ലാബുകളിൽ പരിശോധന നടത്തുന്നുണ്ട്. സംസ്ഥാനത്തിന്റെ ചെക്ക് പോസ്റ്റുകളായ മീനാക്ഷിപുരം (പാലക്കാട്), ആര്യങ്കാവ് (കൊല്ലം), പാറശ്ശാല (തിരുവനന്തപുരം) എന്നിവിടങ്ങളിൽ പാൽ പരിശോധിക്കുന്നതിന് വേണ്ടി സ്ഥിരം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഓണക്കാലത്ത് സംസ്ഥാനത്തിന് പുറത്ത് നിന്നും വരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി കുമളിയിലും (ഇടുക്കി), വാളയാറിലും (പാലക്കാട്) ചെക്ക് പോസ്റ്റുകളിൽ |

| | | | |
|---|---|---|---|
| | | | താൽക്കാലിക ഗുണനിയന്ത്രണ ലാബുകൾ സ്ഥാപിച്ച് ഗുണനിലവാരം പരിശോധിച്ച് ഉറപ്പ് വരുത്താറുണ്ട്. കൂടാതെ കാസർഗോഡ്, പാലക്കാട്, കോട്ടയം എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന റീജിയണൽ ലാബുകളിലും തിരുവനന്തപുരത്തു പ്രവർത്തിക്കുന്ന (NABL അക്രെഡിറ്റഡ്) സ്റ്റേറ്റ് ഡയറി ലാബിലും പാൽ പരിശോധന സംവിധാനങ്ങൾ നിലവിലുണ്ട്.<br><br>മാംസത്തിൽ അടങ്ങിയിരിക്കുന്ന ആന്റിബയോട്ടിക്കിന്റെയും വിഷവസ്തുക്കളുടെയും സാന്നിദ്ധ്യം തിരിച്ചറിയുന്നതിനുള്ള പരിശോധനാ സൗകര്യങ്ങൾ മൃഗസംരക്ഷണ വകുപ്പിൽ സ്റ്റേറ്റ് ലബോറട്ടറി ഫോർ ലൈവ് സ്റ്റോക്ക് മറൈൻ ആന്റ് അഗ്രി പ്രോഡക്ട് എന്ന സ്ഥാപനത്തിൽ നിലവിലുണ്ട്.<br><br>ഇതര സംസ്ഥാനങ്ങളിൽ നിന്നും കടന്നുവരുന്ന കന്നുകാലികളുടെ ആരോഗ്യപരിശോധന നടത്തുന്നതിനായി 2021-22 വർഷത്തിൽ സ്ഥാപിച്ച ഒരു ചെക്ക്പോസ്റ്റ് ഉൾപ്പെടെ 19 ചെക്ക്പോസ്റ്റാണ് മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്നത്. ഈ ലാബുകളിൽ ജീവനുള്ള മൃഗങ്ങളുടെയും പക്ഷികളുടെയും രക്തവും മറ്റു സ്രവങ്ങളും ലബോറട്ടറി പരിശോധനയ്ക്ക് വിധേയമാക്കി രോഗബാധയില്ല എന്നുറപ്പാക്കിയാണ് കടത്തി വിടുന്നത്.<br><br>അതോടൊപ്പം അന്യസംസ്ഥാനത്തു നിന്നും കേരളത്തിലേയ്ക്ക് എത്തുന്ന ഭക്ഷ്യ ഉത്പന്നങ്ങളായ കോഴി, പാൽ, മുട്ട, കന്നുകാലികൾ, ആട്, പന്നി എന്നിവ മൃഗസംരക്ഷണ വകുപ്പിന്റെ ചെക്ക്പോസ്റ്റുകളിൽ കർശന പരിശോധന നടത്തിയാണ് കേരളത്തിലേയ്ക്ക് കടത്തി വിടുന്നത്. |
| (സി) | നിശ്ചിത സമയപരിധിക്കുള്ളിൽ പരിശോധിച്ചില്ലെങ്കിൽ പാലിലും മാംസത്തിലും അടങ്ങിയിരിക്കുന്ന പല വിഷവസ്തുക്കളുടെയും സാന്നിധ്യം തിരിച്ചറിയുന്നതിന് കഴിയില്ല എന്നതിനാൽ അതിർത്തി ചെക്പോസ്റ്റുകളിൽ മൃഗസംരക്ഷണ വകുപ്പിന്റെ പരിശോധനാ സംവിധാനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (സി) | ക്ഷീരവികസന വകുപ്പ് പ്രാഥമിക പരിശോധന മാത്രമാണ് ചെക്ക്പോസ്റ്റിൽ നടത്താറുള്ളത്. പരിശോധനയിൽ ഗുണനിലവാരം ഇല്ലാത്ത പാൽ കണ്ടെത്തിയാൽ, പ്രസ്തുത വിവരം ഭക്ഷ്യസുരക്ഷാ വകുപ്പിനെ അറിയിക്കുകയാണ് ചെയ്തു വരുന്നത്. നിയമപരമായ നടപടികൾ സ്വീകരിക്കാൻ നിലവിൽ ഭക്ഷ്യസുരക്ഷ വകുപ്പിനാണ് അധികാരം.<br><br>മാംസത്തിൽ അടങ്ങിയിരിക്കുന്ന ആന്റിബയോട്ടിക്കിന്റെയും വിഷവസ്തുക്കളുടേയും സാന്നിദ്ധ്യം തിരിച്ചറിയുന്നതിനുള്ള പരിശോധനാ സൗകര്യങ്ങൾ മൃഗസംരക്ഷണ വകുപ്പിൽ സ്റ്റേറ്റ് |

| | | | |
|---|---|---|---|
| | | | ലബോറട്ടറി ഫോർ ലൈവ് സ്റ്റോക്ക് മറൈൻ ആന്റ് അഗ്രി പ്രോഡക്റ്റ് എന്ന സ്ഥാപനത്തിൽ നിലവിലുണ്ട്.<br><br>അതിർത്തി ചെക്ക്പോസ്റ്റുകളിൽ മൃഗസംരക്ഷണ വകുപ്പിന്റെ പരിശോധനാ സംവിധാനങ്ങളിലൂടെ മാംസത്തിലും മുട്ടയിലും അടങ്ങിയിരിക്കുന്ന പല വിഷവസ്തുക്കളുടേയും സാന്നിദ്ധ്യം നിശ്ചിത സമയ പരിധിക്കുള്ളിൽ തിരിച്ചറിയാൻ പരിശോധനാ സംവിധാനങ്ങൾ ഏർപ്പെടുത്തുവാനുള്ള ആലോചനകൾ നടന്നുകൊണ്ടിരിക്കുന്നു. |
| (ഡി) | പാൽ, മാംസം എന്നിവയുടെ കാര്യത്തിൽ ഗുണനിലവാര പരിശോധന, തുടർനടപടികൾ എന്നിവയിൽ നിലവിലുള്ള അപര്യാപ്തതകൾ പരിഹരിക്കുന്നതിന്റെ ഭാഗമായി ക്ഷീരവികസന-മൃഗസംരക്ഷണ വകുപ്പുകൾക്ക് നിയമപരമായ കൂടുതൽ അധികാരങ്ങളും സൗകര്യങ്ങളും ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ? | (ഡി) | ഭക്ഷ്യസുരക്ഷാ നിയമം 2006 പ്രകാരം പാൽ, മാംസം ഉൾപ്പെടെയുള്ള ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള അധികാരം ഭക്ഷ്യസുരക്ഷാ വകുപ്പിനാണ്. ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ് റൂൾസ് 2011 ചട്ടം 2.1.3 പ്രകാരം ഫുഡ് സേഫ്റ്റി ഓഫീസറുടെ വിദ്യാഭ്യാസയോഗ്യതയുള്ള ഉദ്യോഗസ്ഥരായ വെറ്ററിനറി സർജൻ, ക്ഷീരവികസന ഓഫീസർ തുടങ്ങിയവർക്ക് ഫുഡ് സേഫ്റ്റി ഓഫീസറുടെ അധികാരങ്ങൾ നൽകുന്ന കാര്യം പരിശോധിക്കേണ്ടതാണ്.<br><br>പാൽ, മാംസം എന്നിവയുടെ കാര്യത്തിൽ ഗുണനിലവാര പരിശോധന, തുടർനടപടികൾ എന്നിവ സ്വീകരിക്കുന്നതിനുള്ള മൃഗസംരക്ഷണവകുപ്പിലെ നിലവിലുള്ള അപര്യാപ്തതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ